"ഭരണഭാഷ - മാതൃഭാഷ"

DGE/12559/2025-QIP1(2) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 02-09-2025

സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -2025-26 അധ്യയനവർഷത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലെ പാദവാർഷിക വിലയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പഠനപിന്തുണാപരിപാടി വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട അക്കാദമിക മോണിറ്ററിംഗ്- സംബന്ധിച്ച്

സൂചന :- എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 16.08.2025 ലെ SCERT/359/2025-CLP5 നമ്പ സർക്കുലർ.

കുട്ടികളുടെ സമഗ്രമായ വികാസം ലക്ഷ്യമിട്ടാണ് വിദ്യാലയങ്ങളിലെ പഠനപ്രവർത്തനങ്ങളും അതിന്റെ വിലയിരുത്തൽ പ്രക്രിയയും വിഭാവനം ചെയ്തിട്ടുള്ളത്. ക്ലാസ്മുറിക്കുള്ളിലും പുറത്തുമായി നടക്കുന്ന അനുഭവാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമായ അറിവുനിർമ്മാണ പ്രക്രിയയെ വികാസപ്രദവിലയിരുത്തലിന്റേയും (Formative Assessment) ആത്യന്തികവിലയിരുത്തലിന്റേയും (Summative Assessment) ഭാഗമായി വിലയിരുത്തി പഠനപിന്തുണാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോഴേ എല്ലാ പഠിതാക്കളെയും പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങളിലേക്ക് എത്തിക്കാനാവൂ.

ഒരു അധ്യയനവർഷത്തിൽ വിവിധ വിഷയങ്ങളിൽ നേടേണ്ട പഠനലക്ഷ്യങ്ങൾ ആർജിക്കാതെ തൊട്ടടുത്ത ക്ലാസിലേക്ക് പ്രവേശനം ലഭിക്കുന്നത് പ്രസ്തുത ക്ലാസിലെ പഠനത്തിന് വിലങ്ങുതടിയാകും. ഈ സാഹചര്യത്തിൽ അതത് ക്ലാസിലെ പഠനലക്ഷ്യങ്ങൾ കൃത്യമായി നേടിയെന്ന് ഉറപ്പുവരുത്തുകയും തുടർപഠനം സുഗമമാക്കുകയും ചെയ്യുക എന്നത് ഓരോ വിദ്യാലയവും ഓരോ അധ്യാപകരും ഏറ്റെടുക്കണം. ഓരോ വിദ്യാലയത്തിലും നടക്കേണ്ട പഠനപിന്തുണാ പ്രവർത്തനങ്ങളുടെ സമയക്രമം ചുവടെ നൽകിയിരിക്കുന്നു.

പഠനപിന്തുണാപ്രവർത്തന സമയക്രമം

പ്രവർത്തനങ്ങൾ	ചുമതല	സമയക്രമം
പാദവാർഷിക ആത്യന്തികവിലയിരുത്തലിന്റെ ഉത്തരക്കടലാസ് മൂല്യനിർണ്ണയം.	അധ്യാപകർ	2025 സെപ്റ്റംബർ 9

പഠനപിന്തുണാ പ്രവർത്തനവുമായി ബന്ധപ്പെട്ട വിദ്യാലയതല വിശകലനയോഗം	പ്രഥമാധ്യാപകർ	2025 സെപ്റ്റംബർ 10
പഠിതാക്കൾക്കുള്ള പുനരനുഭവപ്രവർത്തനങ്ങളുടെ ആസൂത്രണം	എസ്.ആർ.ജി കൺവീനർ/ പ്രഥമാധ്യാപകർ	2025 സെപ്റ്റംബർ 11
ബന്ധപ്പെട്ട രക്ഷകർത്താക്കളുടെ സി.പി.ടി.എ യോഗം	ക്ലാസ് ടീച്ചർ	2025 സെപ്റ്റംബർ 12
പഠനപിന്തുണാ പ്രവർത്തനങ്ങളുടെ നിർവ്വഹണം	ബന്ധപ്പെട്ട വിഷയങ്ങളുടെ അധ്യാപകർ	2025 സെപ്റ്റംബർ 26
പുനരനുഭവപ്രവർത്തനങ്ങളുടെ ക്ലാസ്റും തല വിലയിരുത്തൽ	ബന്ധപ്പെട്ട വിഷയങ്ങളുടെ അധ്യാപകർ	2025 സെപ്റ്റംബർ 29
പഠനപിന്തുണാ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനുള്ള എസ്.ആർ.ജി യോഗം	എസ്.ആർ.ജി കൺവീനർ/ പ്രഥമാധ്യാപകർ	2025 സെപ്റ്റംബർ 30

<u>അക്കാദമിക മോണിറ്ററിംഗ്</u>

- പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദേശിക്കുന്ന സംസ്ഥാനതല ഉദ്യോഗസ്ഥർ, ഡയറ്റ് പ്രിൻസിപ്പൽ, ഡി.ഡി.ഇ. ഡി.ഇ.ഒ, സമഗ്ര ശിക്ഷാ ഡി.പി.സി. മിഷൻ കോഡിനേറ്റർ എന്നിവർ ഉൾപ്പെടുന്ന ജില്ലാസമിതി അതത് ജില്ലകളിൽ പഠനപിന്തുണാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.
- ചുമതലപ്പെട്ട എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥരും വിദ്യാലയങ്ങൾ സന്ദർശിക്കുകയും പഠനപിന്തുണാ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം.
- പഠനപിന്തുണാ പ്രവർത്തനങ്ങൾക്കാവശ്യമായ അക്കാദമിക ഇടപെടലുകൾ ഡയറ്റും സമഗ്രശിക്ഷയും സംയുക്തമായി നടത്തണം.
- കുട്ടികളുടെ പഠനപുരോഗതി, ഡിജിറ്റൽ തെളിവുകളുടെയും ക്ലാസ് പ്രവർത്തനങ്ങളുടെ നേർക്കാഴ്ച്ചകളുടെയും അടിസ്ഥാനത്തിൽ കണ്ടു മനസ്സിലാക്കി അക്കാദമിക മോണിറ്ററിംഗ് ചുമതലയുള്ള വിദ്യാഭ്യാസ ഉദ്യോഗസ്ഥർ (സംസ്ഥാനതല ഉദ്യോഗസ്ഥർ, ഡയറ്റ് പ്രിൻസിപ്പൽ, ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ, മിഷൻ കോഡിനേറ്റർ, ഡി.ഡി.ഇ. ഡി.ഇ.ഒ. എ.ഇ.ഒ, സമഗ്ര ശിക്ഷാ ഡി.പി.സി, സമഗ്ര ശിക്ഷാ ഡി.പി.ഒ, സമഗ്ര ശിക്ഷാ ബി.പി.സി) വിലയിരുത്തേണ്ടതാണ്.
- പഠനപിന്തുണാപ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിക്കുന്നതിന് വേണ്ടി ബന്ധപ്പെട്ട

വിദ്യാഭ്യാസ ഉദ്യോഗസ്ഥർ സ്കൂളിൽ എത്തുമ്പോൾ അധ്യാപകർ, പ്രസ്തുത കുട്ടികളെ സംബന്ധിച്ച് നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയ പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും കുട്ടികളുടെ പഠനപുരോഗതി സംബന്ധിച്ച് വ്യക്തമായ ധാരണ ബോധ്യപ്പെടുത്തേണ്ടതുമാണ്.

- വിദ്യാഭ്യാസ ഉദ്യോഗസ്ഥർ പഠനപിന്തുണാപ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രതിവാര അവലോകനം നടത്തേണ്ടതും ബന്ധപ്പെട്ട വിദ്യാലയങ്ങൾ സന്ദർശിക്കേണ്ടതുമാണ്. വിദ്യാലയങ്ങൾ പഠനപിന്തുണാപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നുവെന്ന് ഉറപ്പാക്കുന്ന രീതിയിൽ മോണിറ്ററിംഗ് ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
- ജില്ലാതലത്തിൽ നടന്ന പഠനപിന്തുണാപരിപാടിയുടെ ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട വിലയിരുത്തൽ റിപ്പോർട്ട് ഡി.ഡി.ഇ. പൊതുവിദ്യാഭ്യാസഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്: 1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
3. എല്ലാജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ ജില്ലാ പ്രോജക്ട് കോർഡിനേറ്റർമാർക്കും (എസ്.എസ്.കെ)
5. എല്ലാ എല്ലാ ജില്ലാ പ്രോജക്ട് ഓഫീസർമാർക്കും (എസ്.എസ്.കെ)
6. എല്ലാ ജില്ലാ ജില്ലാ മിഷൻ കോർഡിനേറ്റർമാർക്കും (വിദ്യാകിരണം)
7. എല്ലാ ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർമാർക്കും (എസ്.എസ്.കെ)
8. എല്ലാ പ്രധാനാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുഖേന)

പകർപ്പ്: 1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ കേരളം
2. ഡയറക്ടർ, എസ്.സി.ആർ.ടി തിരുവനന്തപുരം
3. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
4. അസിസ്റ്റന്റ് കോർഡിനേറ്റർമാർ, വിദ്യാകിരണം

Signed by
Umesh N S K
Date: 02-09-2025 11:56:06